തൃശ്ശൂർ നഗരവികസന അതോറിറ്റി

114 (512) ശ്രീ. കെ. പി. രാജേന്ദ്രൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നഗര വികസന അതോറിറ്റി പുതിയതായി പണിയുന്നതിന് തീരുമാനിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയാണ് ;

(ബി) കണ്ണംകുളങ്ങര -ചിയ്യാരം ബൈപ്പാസ് റോഡ് പണിയുന്നതിനുള്ള നടപടികൾ എതുവരെയായി എന്നു വ്യക്തമാക്കാമോ ; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) ഈ റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) നഗരവികസന അതോറിറ്റി പണിയുന്ന ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയായോ ;

(ഇ) അതോറിറ്റി ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമക്കുമോ ?

ഉത്തരം

(എ)

1. കണ്ണംകുളങ്ങര സൗത്ത് എക്സ്റ്റൻഷൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള 25 മീറ്റർ കണ്ണംകുളങ്ങര-ചിയ്യാരം ബൈപ്പാസ് റോഡ്.
2. കണ്ണംകുളങ്ങര സൗത്ത് എക്സ്റ്റൻഷൻ സ്കീമിൽ വിഭാവന ചെയ്തിട്ടുള്ള 12 മീറ്റർ വീതിയുള്ള ലിങ്ക് റോഡ് നിർമ്മാണം.
3. കോവിലകത്ത് പാടം പുനർനിർമ്മാണ പദ്ധതിയിലെ 18 മീ., 9 മീ., 7 മീ. എന്നീ ലിങ്ക് റോഡുകളുടെ നിർമ്മാണം.

(ബി) റോഡുപണിയുടെ സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളു.

(സി) സ്ഥല ഉടമകളുടെ പങ്കാളിത്തത്തോടെ ലാന്റ് പൂളിംഗ് മുഖേന റോഡിനാവശ്യമായ സ്ഥലം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് സ്ഥലം ഉടമകളുമായി ചർച്ചകൾ പുരോഗിച്ചുവരുന്നു.

(ഡി) ആസ്ഥാന മന്ദിരത്തിന്റെ പണി പൂർത്തിയായിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

(ഇ)

1. ശക്തൻതമ്പുരാൻ നഗറിലും കോവിലകത്തു പാടത്തും ഓരോ ഷോപ്പിംഗ് കോംപ്ലക്സുകൾ.
2. കണ്ണംകുളങ്ങര സൗത്ത് എക്സ്റ്റൻഷൻ സ്കീമിലെ ഒരു പാർപ്പിട പദ്ധതി
3. കണ്ണംകുളങ്ങര സ്കീമിൽ ഒരു നൈബർഹുഡ് വികസന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly